# യൽദോ മോർ ബസേലിയോസ് ബാവ

**പട്ടക്കാരൻ :** ശുബഹോലാബോ.....

**ജനം :** ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും കരുണയും രു ലോകങ്ങളിലും എന്നുമെന്നേക്കും ചൊരിയപ്പെടുമാറാകട്ടെ. ....ആമ്മീൻ.

**പട്ടക്കാരൻ :** തന്റെ പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥ പ്രാർത്ഥനകളിൽ പ്രസാദിക്കുന്നവനും അവരുടെ അപേക്ഷകൾക്ക് ഉപേക്ഷകൂടാതെ മറുപടി അരുളിച്ചെയ്യുന്നവനുമായ കർത്താവേ!, ഞങ്ങളുടെ പിതാവും പരിശുദ്ധനുമായ യൽദോ മോർ ബസേലിയോസിന്റെ മദ്ധ്യസ്ഥതയിൽ ആശ്രയം പ്രാപിച്ചു കൊ് ഞങ്ങൾ നിന്നെ സമീപിക്കുന്നു. ആവശ്യക്കാരും അരിഷ്ടരുമായ ഞങ്ങളുടെ അപേക്ഷകളെ നീ കൈക്കൊ് ഞങ്ങളുടെ പിതാവായ യൽദോ മോർ ബസേലിയോസിന്റെ പ്രത്യേക മദ്ധ്യസ്ഥതയിൽ കഴിയുന്ന ഈ ദാസരുടെ യാചനകൾക്ക് ദയവോടെ ഉത്തരമരുളി അനുഗ്രഹിക്കണമേ.

ഹാലേലൂയ്യാ, ഹാലേ..... ഹാലേ.....

*അഭയം പ്രാപിക്കുന്നോരെ, സദയം കാക്കും തിരുമേനി,*

*കർത്താവിൽ കൂറേറുന്നോർക്കാശ്വാസം നൽകുന്നവനേ,*

*പൈശാ–ചികമാം ശക്തികളും*
*ദുഷ്ടൻ–മാരുടെ പീഡകളും*
*കഷ്ടത–യേറും ജീവിതവും*
*സ്പഷ്ടം നീങ്ങി–പോകാനായ്*

*കരുണാവാരിധി നാഥന്നോടിപ്പോഴുമെപ്പോഴും എന്നെന്നും തിരുമേനി പ്രാർത്ഥിക്കേണമേ.*

*പലവഴിനോക്കീട്ടൊരു തുണയും കിട്ടാതടിയാർ കേഴുന്നു.*

*തീരാരോഗം വ്യാധികളും, മാനസക്ലേശം ദുരിത ങ്ങൾ*

*കരുണക്കടലേ പരിശുദ്ധാ,*
*വലതുകരത്താൽ വാഴ്ത്തണമേ,*
*മാനസ ശാന്തി ലഭിക്കണമേ*
*പ്രാർത്ഥിക്കണ മീ–യടിയാർക്കായ്*



## അപേക്ഷ

കാരുണ്യവാനായ കർത്താവേ! നിന്റെ മഹാ പുരോഹിതനും ഞങ്ങളുടെ പുണ്യപിതാവുമായ യൽദോ മോർ ബസേലിയോസിന്റെ ഓർമ്മദിനത്തെ ആദരവായി ആഘോഷിക്കുന്ന നിന്റെ മക്കളെയും അവരുടെ ഭവനങ്ങളെയും പുണ്യപ്പെട്ട പിതാവിന്റെ മദ്ധ്യസ്ഥതയാൽ അനുഗ്രഹിക്കണമേ. ലോകത്തിന്റെ സുഖത്തെയും മോദങ്ങളെയും പൂർണ്ണമായി ത്യജിച്ച് ക്ലേശങ്ങൾ സഹിച്ച് സത്യവിശ്വാസ സംരക്ഷണത്തിനായി അന്ത്യോഖ്യായിൽനിന്നും മലങ്കരയിൽ എഴുന്നെള്ളി സഭാമക്കളെ അനുഗ്രഹിച്ച പരിശുദ്ധ പിതാവേ! **ഞങ്ങൾക്കു വേി പ്രാർത്ഥിക്കണമേ.**

യാത്രാമദ്ധ്യേ ഉാകാമായിരുന്ന ക്ലേശങ്ങളെയും പ്രതിസന്ധികളെയും തന്റെ നാഥനിൽ സമ്പൂർണ്ണമായി ഭരമേല്പിച്ച് വിശ്വാസ സ്ഥിരത കാട്ടിയ പുണ്യ പിതാവേ!....

ക്ലേശിക്കുന്ന ആടുകൾക്കുവേി സ്വജീവനെപ്പോലും തൃണവൽഗണച്ച് അന്വേഷിച്ചിറങ്ങിയ പരിദ്ധനും പുണ്യവാനുമായ മോർ യൽദോ ബാവ!.....

ശൈശവം മുതലേ പുണ്യ ജീവിതത്തിൽ വളർന്ന് ദൈവിക ശുശ്രൂഷയായി വിളിക്കപ്പെട്ട് ജീവിതാന്ത്യം വരെ തന്റെ ഉത്തരവാദിത്യം നിറവേറ്റിയ പരിശുദ്ധനും പുണ്യവാനുമായ യൽദോ ബാവാ!....

ലോകത്തെയും കുടുംബത്തേയും ഉപേക്ഷിച്ച് കർത്താവിനെയും കുരിശിനേയും സ്നേഹിച്ച് സന്തോഷത്തോടെ വഹിച്ച പുണ്യാത്മാവേ!....

മലങ്കര മണ്ണിലെ ആടുകളുടെ വിഷമാവസ്ഥയെക്കുറിച്ച് ബോധം ഉാവുകയും പ്രായാധിക്യവും അവശതയും അവഗണിച്ചു പ്രാണത്യാഗം ചെയ്യുന്ന സത്യ ഇടയനെപോലെ മലങ്കരയിൽ എഴുന്നള്ളിവന്ന പരിശുദ്ധനും പുണ്യവാനുമായ യൽദോ ബാവാ!....

മലങ്കരയിലുള്ള തന്റെ ലഘുവായ ജീവിതത്തിനുള്ളിൽ വിശ്വാസികളുടെ മനസ്സിലും ജീവിതത്തിലും ചിര പ്രതിഷ്ഠ നേടിയ പുണ്യപിതാവേ!....

അന്ത്യോഖ്യാസിംഹാസന പിൻതുടർച്ചയ്ക്ക് മലങ്കരയിൽ ഭംഗം വരാതെ മലങ്കര സഭാമക്കൾക്കായി പൗരോഹിത്യ പിൻതുടർച്ചയ്ക്കായി ദീർഘവീക്ഷണം ചെയ്ത പുണ്യപിതാവേ!....

യാത്രാമദ്ധ്യേയും തന്റെ മക്കളുടെ സാന്നിദ്ധ്യത്തിലും അനേകം അത്ഭുതങ്ങളും അനുഗ്രഹങ്ങളും ചൊരിഞ്ഞുകൊടുത്ത പുണ്യപിതാവേ!....

അങ്ങയുടെ മദ്ധ്യസ്ഥതയിൽ വിശ്വാസത്തോടും തീക്ഷണതയോടും കൂടി ആശ്രയിച്ചിരിക്കുന്ന മക്കളിൽ നിന്നും രോഗങ്ങളെ അകറ്റുന്നതിനും പൈശാചിക ബന്ധനങ്ങളെ ഒഴിവാക്കുന്നതി നുമായി പരിശുദ്ധനും പുണ്യവാനുമായ യൽദോ ബാവാ!....

പഠിക്കുന്ന മക്കൾക്ക് പഠനത്തിൽ ഉത്സാഹവും ഓർമ്മശക്തിയും ദൈവകൃപയും ലഭിക്കുന്നതിനും ജീവിതത്തിൽ ഉന്നത വിജയം പ്രാപിക്കുന്നതിനും പരി. യൽദോ ബാവാ!....

സാമ്പത്തീകമായും മാനസീകമായും ഭാരപ്പെടുന്ന മക്കൾക്കും ദുഃഖത്തിലും വിലാപത്തിലും കഴിയുന്ന മക്കൾക്കും ആശ്വാസവും സമാധാനവും സന്തോഷവും പ്രദാനം ചെയ്യുന്നതിന്ന് പരി. യൽദോ ബാവാ!....

പരി. സഭയെ പരിപുഷ്ടമാക്കുന്നതിനും ഇടയന്മാർക്ക് ജീവിത നൈർമ്മല്യവും ജീവിത വിശുദ്ധിയും നൽകുന്നതിനും വിശ്വാസികൾക്ക് വിശ്വാസ സ്ഥിരതയും ജീവിത പുരോഗതി ലഭിക്കുന്നതിനും വിവാഹിതർക്ക് അനുഗ്രഹീത കുടുംബ സൗഭാഗ്യവും യുവതി യുവാക്കന്മാർക്ക് നല്ല ജീവിത ക്രമീകരണവും പൈതങ്ങൾക്ക് അനുസരണ സ്വഭാവവും ദൈവാശ്രയ ബോധവും ലഭിക്കുന്നതിനുമായി പരി. യൽദോ ബാവാ!....

പാപികൾക്ക് പാപമോചനം ലഭിക്കുന്നതിനും, ജനങ്ങളിൽനിന്നും ക്ഷാമവും രോഗവും ഒഴിവാക്കപ്പെടുന്നതിനും ആപത്തിലും വിഷമത്തിലും കഴിയുന്നവർക്ക് ആശ്വാസവും വിടുതലും ലഭിക്കുന്നതിനും പരിശുദ്ധ യൽദോ ബാവാ!....

വിശ്വാസികളായ മരിച്ചു പോയവർക്ക് സ്വർഗ്ഗീയ ഭവനങ്ങളിൽ വിശ്രമം നൽകണമേ.

പരിശുദ്ധനും പുണ്യവാനുമായ യൽദോ മോർ ബസേലിയോസ് പിതാവിനെ തെരഞ്ഞെടുത്ത് ശ്രേഷ്ഠനാക്കിയ നമ്മുടെ കർത്താവിനും തന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്വാസ്തുതിയും സ്തോത്രവും ഞങ്ങൾ സമർപ്പിക്കുന്നു. നാം മൂന്നു പ്രാവശ്യം കുറിയേലായിസോൻ എന്ന് ഏറ്റു പറയണം...

*കുറിയേ..... കുറിയേ..... കുറിയേ.....*



*രക്ഷകനാം മശിഹാ അടിയാരിൽ,*
*കരുണകൾ ചൊരിയണമേ*
*നിൻ പരിശുദ്ധൻ പ്രാർത്ഥനയാലെ വാഴ്‌വുകളേകണമേ*
*പൈശാചിക കെണിയിൽ നിന്നെങ്ങൾ രക്ഷിതരാകണമേ*
*ദുഷ്ക്കർമ്മകളിൽ–നിന്നടിയാർ മോചിതരാകണമേ*
*നിൻ ദാസർ ഞങ്ങൾ–നാഥ തവകൃപയെ*
*നോക്കിപാർക്കുന്നു–നീയെന്യേതുണയില്ലാരും*
*ശാന്തിസമാധാനം മോചനവും, ഞങ്ങൾക്കേകണമേ*
*മൃതരായോർ ശാന്ത്യാമേവണമേ, തവ തിരുസന്നിധിയിൽ*

*കുറിയേ..... കുറിയേ..... കുറിയേ.....*

*നാഥാ! കൃപ ചെയ്തീടണമെ..... (3)*
*നാഥാ! കൃപചെയ്യുക കനിവാൽ..... (3)*
*നാഥാ! ഉത്തരമരുളണമെ..... (3)*
*ആബൂനെ! പ്രാർത്ഥിക്കണമേ..... (3)*

ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി, എന്നേയ്ക്കും ഞങ്ങൾക്കുള്ള ശരണവുമേ! നിനക്കു സ്തുതി – ബാറെക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!.....

കൃപ നിറഞ്ഞ മറിയമേ!.....